# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 353 — 15.03.2017 ലെ മറുപടിക്ക്

## കയർ വ്യവസായം പുനരുദ്ധരിക്കാൻ കർമ്മ പദ്ധതി

**ചോദ്യം**

ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.ബി.സത്യൻ
ശ്രീ.വി. ജോയി
ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ

**ഉത്തരം**

ഡോ. ടി.എം.തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് പരമ്പരാഗത കയർ വ്യവസായത്തെ പുനരുദ്ധരിക്കാൻ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | എ)കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ സമ്പൂർണ്ണ ആധുനീകരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്നതരത്തിൽ സമഗ്ര പുന:സംഘടനയാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എല്ലാം ഉപയോഗപ്പെടുത്തിയാകും പുന:സംഘടന നടപ്പിലാക്കുക. ആധുനീകരണവും യന്ത്രവത്ക്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയും വേതനവും സംരക്ഷിക്കുന്നതിനുള്ള സംഭരണവും നടപ്പിലാക്കുന്നതാണ് |
| ബി)ഇതിന്റെ ഭാഗമായി കയറുൽപ്പന്നങ്ങൾ രാജ്യത്തെ ആഭ്യന്തര വിപണിയിൽ വിറ്റഴിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ വിപണി കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) കയറിന്റെ ആഭ്യന്തര, വിദേശ വിപണി വിപുലപ്പെടുത്തുന്നതിനായി കയർഫെഡിന്റെ ഇതര സംസ്ഥാനങ്ങളിലെ ഷോറൂമുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി സംസ്ഥാനത്ത് ബയർ-സെല്ലർ മീറ്റുകൾ സംഘടിപ്പിക്കും. രാജ്യത്തെ 30 വ്യാപാര ഫെഡറേഷനുകളുമായി ചർച്ച നടത്തി കയർ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് പദ്ധതി കയർ കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുണ്ട്. സെപ്റ്റംബറിൽ ആലപ്പുഴയിൽ വച്ച് നടത്താനുദ്ദേശിക്കുന്ന കയർ കേരള 2017, ആഭ്യന്തരവിപണിക്ക് പ്രത്യേക ഊന്നൽ നൽകുന്നതാണ്. |
| സി) പ്രസ്തുത വിഷയം സംബന്ധിച്ച് കയർഫെഡ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | സി)ആഭ്യന്തര മാർക്കറ്റ് വിപുലീകരണത്തിനായുള്ള കർമ്മപദ്ധതി കൾക്കായി 1,44,00,000/- രൂപ കയർഫെഡിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രകാരം മാർക്കറ്റ് സ്റ്റഡി നടത്തുന്നതിന് കയർഫെഡിന് സാധിക്കുന്നതാണ്. |
| ഡി) കയർ വ്യവസായത്തിലെ പ്രതിസന്ധി ചർച്ച ചെയ്യുന്നതിന് ശിൽപ്പശാല സംഘടിപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ? | ഡി)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ വ്യവസായത്തിലെ പ്രതിസന്ധി ചർച്ച ചെയ്യുന്നതിനായി ശിൽപശാല സംഘടിപ്പിച്ചിട്ടില്ല. എന്നാൽ കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ മേഖലകൾ കണ്ടെത്തുന്നത് ലക്ഷ്യം വച്ചുകൊണ്ട് കയർ ഭൂവസ്ത്ര ശിൽപ്പശാല നടത്തിയിരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മണ്ണ് - ജല സംരക്ഷണത്തിനായി കയർ ഭൂവസ്ത്രവും ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് പ്രധാനമായും പ്രസ്തുത ശിൽപശാല സംഘടിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ